വൈക്കം ഓഗ്മെന്റേഷൻ പദ്ധതി

88 [3342] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രൂപം നൽകിയിട്ടുള്ള വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ കിണറിന്റെ പണി സംബന്ധിച്ച കരാർ തീയതി എന്നായിരുന്നുവെന്നും പ്രസ്തുത കരാർ പ്രകാരം എത്ര മാസത്തിനുള്ളിൽ പണി തീർക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതെന്നും അറിയിക്കുമോ;

(ബി) എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്തതിനുള്ള കാരണമെന്തെന്നും എത്ര പ്രാവശ്യം കരാർ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടെന്നും ഇപ്പോഴത്തെ കരാർ കാലാവധി എന്ന് അവസാനിക്കുമെന്നും വിശദമാക്കാമോ;

(സി) പണി എന്ന് പൂർത്തിയാക്കാനാവുമെന്നും സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ഉത്തരം

(എ) കരാർ തീയതി 27-2-2001 ആയിരുന്നു. 18 മാസത്തിനുള്ളിൽ (11-8-2002 നകം) പണി തീർക്കണമെന്നായിരുന്നു വ്യവസ്ഥ.

(ബി) കരാറുകാരന്റെ അലംഭാവം നിമിത്തം പണി വൈകി. കരാർ കാലാവധി 2 പ്രാവശ്യം നീട്ടിക്കൊടുത്തിരുന്നു. കരാറുകാരൻ കരാർ സമയത്തിനുള്ളിൽ പണി തീർക്കുകയില്ലെന്ന് ബോദ്ധ്യം വന്നതിനാൽ കരാർ റദ്ദുചെയ്തു. പിന്നീട് കോൺട്രാക്ടർ വാട്ടർ അതോറിറ്റിയുടെ എല്ലാ നിർദ്ദേശങ്ങളും പാലിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തതിൻപ്രകാരം പണി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് ഒരു അവസരം കൂടി നൽകി. പണി പൂർത്തിയാക്കാൻ ആദ്യം 30-4-2005 വരെയും പിന്നീട് 30-6-2006 വരെയും സമയം നീട്ടി നൽകാൻ കോൺട്രാക്ടർ അപേക്ഷ നൽകിയിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു.

(സി) 2006-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി തീർക്കാനുള്ള പമ്പിംഗ് മെയിൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ ജോലികൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly